**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1561** **31/01/2018 ൽ മറുപടിക്ക്**

## കൃഷി അസിസ്റ്റന്റ് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കൃഷ്ണൻ:** | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കൃഷി അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്ത് ഏകീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി മുഖേനയുള്ള നിയമനത്തിനുള്ള യോഗ്യത കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ,അല്ലെങ്കിൽ അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാലയുടെ ജൈവകൃഷിയിലുള്ള ഡിപ്ലോമ എന്ന രീതിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പി.എസ്.സി യുടെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്. |
| (ബി) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ഒറ്റ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പി.എസ്.സി ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച ശേഷം PSC യുടെ വിജ്ഞാപനത്തിൽ നിഷ്കർഷിച്ച രീതിയിലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. എന്നാൽ ഇപ്പോൾ ഉയർന്നുവന്ന പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ എടുത്ത നിലപാട് 'എ' പിരിവിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ വിവേചനങ്ങൾ അവസാനിപ്പിച്ച് ഒറ്റ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) ബാധകമല്ല |

**സെക്ഷൻ ഓഫീസർ**